"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ സുവർണ്ണധാര കുടിവെള്ള പദ്ധതിയുടെ ഭാഗമായി 2011 - 12 വർഷം ആരംഭിച്ച് നടപ്പിലാക്കിയ കാട്ടാമ്പള്ളിച്ചിറ കുടിവെള്ള പദ്ധതിയ്ക്ക് റേറ്റ് പുതുക്കി അധിക തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

G.O.(Rt) No.839/2022/LSGD തീയതി,തിരുവനന്തപുരം, 03-04-2022

പരാമർശം:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനിയറുടെ 10.03.2022 ലെ DB3/753/2013/CE/LSGD (Part C) നമ്പർ കത്ത്.
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ - ഓർഡിനേഷൻ കമ്മറ്റിയുടെ 11.03.2022 ൽ കൂടിയ യോഗത്തിന്റെ 2.3 (4.54) നമ്പർ തീരുമാനം.

**ഉത്തരവ്**

കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ സുവർണ്ണധാര കുടിവെള്ള പദ്ധതിയുടെ ഭാഗമായി2011 - 12 വർഷം ആരംഭിച്ച് സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ (SEUF) - കണ്ണൂർ മുഖേന നടപ്പിലാക്കിയ കാട്ടാമ്പള്ളിച്ചിറ കുടിവെള്ള പദ്ധതിയിൽ രണ്ടു വാട്ടർ ടാങ്ക് ഉള്ളതിൽ കല്യാശ്ശേരി ഗ്രാമപഞ്ചായത്തിലെ ഇരിഞ്ഞാവ് കുടുംബാരോഗ്യ കേന്ദ്രത്തിന്റെ സ്ഥലത്തുള്ളതിന് ആരോഗ്യ വകുപ്പിന്റെ അനുമതി ലഭിക്കാൻ വൈകിയതിനാൽ 2018 ലാണ് പ്രവർത്തി പൂർത്തീകരിച്ചത്. SEUF നുവേണ്ടി ഗുണഭോക്തൃ സമിതി ചെയ്ത ടി പ്രവൃത്തിക്ക് 2013 ലെ ഡി.എസ്.ആർ പ്രകാരമുള്ള തുകയാണ് SEUF ന് അനുവദിച്ചത്. അതിനാൽ കൺവീനർക്ക് നഷ്ടമുണ്ടായ സാഹചര്യത്തിൽ 2016 ൽ നിലനിന്നിരുന്ന ഡി.എസ്.ആർ പ്രകാരം റേറ്റ് പുതുക്കി അധിക തുക അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചിരുന്നു.

2) 2016 ന് മുമ്പ് കരാറിൽ ഏർപ്പെട്ട പ്രവർത്തി ആയതിനാൽ 2016 ൽ നിലവിൽവന്ന ഡി.എസ്.ആർ അനുവദിക്കാവുന്നതല്ല എന്നും 2011-12 ലെ നിരക്ക് പ്രകാരം സാങ്കേതികാനുമതി നൽകി കരാർ വച്ച് പ്രവൃത്തി പൂർത്തീകരിച്ചതായതിനാൽ പുതിയ നിരക്ക് ബാധകമാക്കാവുന്നതല്ല എന്നും ചീഫ് എഞ്ചിനീയർ അറിയിച്ചിരുന്നു.

3) ആരോഗ്യവകുപ്പിന്റെ അനുമതി ലഭിക്കാൻ വൈകിയതിനാലാണ് നിർമ്മാണം പൂർത്തിയാക്കാൻ താമസിച്ചതെന്നതിനാലും, ഇതു ഗുണഭോക്തൃ സമിതി കൺവീനറിന്റെ

വീഴ്ച്ചയല്ല എന്നതിനാലും വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം (2) ലെ തീരുമാനപ്രകാരം 2016-ലെ ഡി.എസ്.ആർ പ്രകാരം റേറ്റ് പുതുക്കി അധിക തുക നൽകാൻ പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

R S KANNAN

SPECIAL SECRETARY

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി/പ്രസിഡന്റ്, കണ്ണൂർ ജില്ലാ പഞ്ചായത്ത്.

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്.

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Shemim Khan S H

Date: 04-04-2022 10:57:19

സെക്ഷൻ ഓഫീസർ

പകർപ്പ്:-ബഹു. മുഖ്യമന്ത്രിയുടെ പി.എസ്സിന്.

ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എ